(സി) മാഹീപുഴയിൽ കരിയാട് ഗ്രാമപഞ്ചായത്തിൽ 10 ലക്ഷം രൂപയുടെ രണ്ട് പ്രവൃത്തികൾക്ക് റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി അംഗീകാരമായിട്ടുണ്ട്. പുത്തൂർ പുഴയിൽ കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിൽ 24.25 ലക്ഷം രൂപയുടേയും, കണ്ണൂർ പുഴയിൽ അങ്ങാടിക്കടവിൽ 2.70 ലക്ഷം രൂപയുടേയും അമ്പലപ്പുഴയിൽ വേട്ടക്കൊരുമകൻ ക്ഷേത്രത്തിന് സമീപം പാട്യം പഞ്ചായത്തിൽ 3.95 ലക്ഷം രൂപയുടേയും തൃക്കാവ് പുഴയിൽ ചിറക്കായിൽ പാട്യം പഞ്ചായത്തിൽ 6.70 ലക്ഷം രൂപയുടേയും പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റുകൾ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി തലശ്ശേരി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി പ്രവൃത്തികൾ നടപ്പാക്കുന്നതാണ്.

സംസ്ഥാന അതിർത്തിക്കുള്ളിൽ നിന്നും തമിഴ്നാട് അനധികൃതമായി വെള്ളം ചോർത്തുന്ന നടപടി

57 [236] *ശ്രീ. ജോർജ്ജ് ജെ. മാത്യു:*
,, *സി. പി. മുഹമ്മദ്:*
,, *ടി. എൻ. പ്രതാപൻ:*
,, *വർക്കല കഹാർ:*

പ്രൊഫസർ എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള നദികളിൽനിന്നോ മറ്റു ജലസ്രോതസ്സുകളിൽ നിന്നോ തമിഴ്നാടിന് സൗജന്യമായി ജലം നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര വീതം എവിടെ നിന്നെല്ലാം നൽകുന്നുണ്ട്;

(സി) സംസ്ഥാനത്തിന്റെ അതിർത്തിക്കുള്ളിലുള്ള ജലസ്രോതസ്സുകളിൽ നിന്ന് തമിഴ്നാട് അനധികൃതമായി വെള്ളം ചോർത്തുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എവിടെയെല്ലാം നിന്ന്;

(ഇ) അനധികൃതമായി വെള്ളമൂറ്റ് തടയുന്നതിന് എന്തെല്ലാം മുൻകരുതലുകൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) 1886-ലെ പെരിയാർ പാട്ടക്കരാർ പ്രകാരം മുല്ലപ്പെരിയാർ അണക്കെട്ടിൽ 155 അടി ഉയരം വരെ കോണ്ടൂർ ലൈനിൽ ചുറ്റപ്പെട്ട പ്രദേശത്തോ അതിലൂടെയോ അതിൽനിന്നോ ഒഴുകുന്ന ജലം മുഴുവനും തമിഴ്നാടിന് സൗജന്യമായി നൽകിയിരിക്കുകയാണ്. ഏകദേശം 22 ടി.എം.സി. അടി ജലം ഇപ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

തമിഴ്നാടിന് വർഷംതോറും സൗജന്യമായി നൽകുന്നുണ്ട്. എന്നാൽ പാട്ടക്കരാർ പ്രകാരം തമിഴ്നാടിന് ലഭ്യമാക്കിയ ഭൂമിക്ക് ഒരു ഏക്കറിന് 30 രൂപ വെച്ച് വാടക പിരിക്കുന്നുണ്ട്.

1970-ലെ പറമ്പിക്കുളം അളിയാർ നദീജല കരാർ പ്രകാരം പെരിയാറിന്റെ പോഷകനദിയായ നീരാറിൽ നിന്നും ചാലക്കുടി നദിയുടെ പോഷക നദികളായ ഷോളയാർ, പറമ്പിക്കുളം ആർ, തൂണക്കടവ് ആർ, പെരുവാരിപ്പള്ളം ആർ, എന്നിവയിൽ നിന്നും ഭാരതപ്പുഴയുടെ പോഷക നദികളായ പാലാർ, ആളിയാർ എന്നിവയിൽ നിന്നും 30.5 ടി.എം.സി. ജലം വർഷംതോറും തമിഴ്നാടിന് കൊണ്ടുപോകാവുന്നതാണ്.

1973-ലെ ശിരുവാണി കുടിവെള്ള പദ്ധതി കരാർ പ്രകാരം ശിരുവാണി അണക്കെട്ടിൽ നിന്നും തമിഴ്നാടിന് പ്രതിവർഷം 1.3 ടി.എം.സി. അടി ജലം സൗജന്യമായി നൽകുന്നുണ്ട്.

1951-ൽ നിർമ്മാണം ആരംഭിച്ച നെയ്യാർ പ്രോജക്ടിൽ നിന്നും കന്യാകുമാരി ജില്ലയിലെ വിളവംകോട് താലൂക്കിലെ കൃഷി ആവശ്യത്തിനായി ഏകദേശം 33 എം എം^{3} ജലം സൗജന്യമായി വർഷംതോറും തമിഴ്നാടിന് നൽകുന്നുണ്ട്.

(സി) തമിഴ്നാട് അനധികൃതമായി വെള്ളം ചോർത്തുന്നതായി അറിയില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) കേരളത്തിലെ നദികളിൽ നിന്നും അനധികൃതമായി വെള്ളം ചോർത്തുന്നില്ല എന്ന് ഉറപ്പ് വരുത്തുവാനായി കേരളം ജാഗ്രത പുലർത്തുന്നുണ്ട്. കേരളത്തിൽനിന്നും അനധികൃതമായി ജലം കടത്തുന്നുണ്ടോ എന്ന് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇൻവെസ്റ്റിഗേഷൻ സർക്കിൾ, തൃശ്ശൂർ വിജിലൻസ് കോ-ഓർഡിനേറ്ററായും അതാത് ബെയ്സിനുകളുടെ ചുമതലയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ വിജിലൻസ് ഓഫീസർമാരായും നിയോഗിക്കപ്പെട്ടിട്ടുള്ള സംവിധാനം നിലവിലുണ്ട്.

ഈ ഉദ്യോഗസ്ഥർ ഇടയ്ക്കിടെ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാറുണ്ട്. പമ്പ-അച്ചൻകോവിൽ നദികളിൽനിന്ന് അനധികൃതമായി ജലം ചോർത്തുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ വനം വകുപ്പിലേയും ജലസേചനവകുപ്പിലേയും ഉദ്യോഗസ്ഥരുടെ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ, വനം വകുപ്പിലെയും കെ.എസ്.ഇ.ബി.യിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിയ ഒരു ടാസ്ക് ഫോഴ്സും ഫീൽഡ് ലെവൽ ടീമും രൂപീകരിച്ചിട്ടുണ്ട്. ടാസ്ക് ഫോഴ്സിലെ അംഗങ്ങൾ പ്രസ്തുത സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly